പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3074 22.02.2016 - ൽ മറുപടിയ്ക്ക്

## മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും സംരക്ഷണ ക്ഷേമ നിയമം

ചോദ്യം

ശ്രീ.കെ.എൻ.എ.ഖാദർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി നിലവിൽ വന്ന മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും സംരക്ഷണ - ക്ഷേമ നിയമം നടപ്പാക്കുന്നതിൽ സംസ്ഥാനം പരാജയപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉദ്യോഗസ്ഥരായ മക്കളാൽ ഉപേക്ഷിക്കപ്പെട്ട് വൃദ്ധസദനങ്ങളിൽ അഭയം തേടുന്ന മാതാപിതാക്കളുടെ ശവദാഹം പോലും ഏറ്റെടുക്കാൻ മടികാണിക്കുന്ന വ്യക്തികളെ സംബന്ധിച്ച വാർത്തകളും റിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത നിയമ പ്രകാരം കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഇത്തരം എത്ര കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; | (സി) | മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമ പ്രകാരം സാമൂഹികനീതി വകുപ്പിൽ നിന്ന് നേരിട്ട് നടപടികൾ സ്വീകരിച്ചിട്ടില്ല. പരാതികൾ ലഭ്യമാകുന്ന കേസുകളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മെയിന്റനൻസ് ഓഫീസർമാരായ ജില്ലാ സാമൂഹികനീതി ഓഫീസർമാർക്ക് നിർദ്ദേശം നൽകാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ? | (ഡി) | നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വ്യാപകമായ ബോധവൽക്കരണ പരിപാടികളും വയോജന ദിനത്തോടനുബന്ധിച്ച് ക്ലാസ്സുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ കേരള സാമൂഹ്യസുരക്ഷാമിഷൻ വഴി "തണലേകിയവർക്ക് തണലാകാം' തുടങ്ങിയ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എഫ്.എം. റേഡിയോ വഴിയും നിയമത്തെക്കുറിച്ച് പരസ്യപരിപാടികൾ നൽകുന്നുണ്ട്. നിയമം നടപ്പിലാക്കുന്നതിലുള്ള പോരായ്മകളെപ്പറ്റി പഠനം നടത്തുകയും പോരായ്മകൾ ദൂരീകരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |

Manoharan

**സെക്ഷൻ ഓഫീസർ**